## പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1383** — **04-02-2019 ൽ മറുപടിക്ക്**

### പുഴക്കാട്ടിരി ഗ്രാമപഞ്ചായത്തിൽ ഐ.ടി.ഐ.സ്ഥാപിക്കുന്നതിന് സ്ഥലം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ടി.എ.അഹമ്മദ് കബീർ | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) മങ്കട നിയോജകമണ്ഡലത്തിലെ പുഴക്കാട്ടിരി ഗ്രാമപഞ്ചായത്തിൽ ഐ.ടി.ഐ.സ്ഥാപിക്കുന്നതിന് സ്ഥലം വിട്ട് നൽകുന്നത് സംബന്ധിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;<br><br>(ബി) ഐ.ടി.ഐ.നിർമ്മിക്കുന്നതിനായി കണ്ടെത്തിയ നിർദ്ദിഷ്ട സ്ഥലം കെട്ടിട നിർമ്മാണത്തിന് അനുയോജ്യമാണെന്ന് റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; | (എ) യും (ബി) യും മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ താലൂക്കിലെ മങ്കട വില്ലേജിലെ കർക്കിടകം ദേശം സർവ്വെ നമ്പർ 48/1, 48/12 എന്നിവയിൽ ഉൾപ്പെടുന്ന 3.82 ഏക്കർ മിച്ചഭൂമി പുഴക്കാട്ടിരി ഐ.ടി.ഐ നിർമ്മാണത്തിനായി കൈമാറുന്നതിനുള്ള ഭൂമി കൈമാറ്റ ശുപാർശ ജില്ലാ കളക്ടർക്ക് ലഭിച്ചിട്ടുണ്ട്.<br>എന്നാൽ പ്രസ്തുത സ്ഥലം കേരള ഭൂപരിഷ്കരണ നിയമപ്രകാരം മിച്ച ഭൂമിയായി ഏറ്റെടുത്ത് പൊതു ആവശ്യത്തിനായി നീക്കി വെച്ച ലാന്റ് ബോർഡിന്റെ 28.11.1975 ലെ LBB9-44279/75/KDis നമ്പർ ഉത്തരവിൽ Quarry purpose നാണ് മാറ്റി വെച്ചിട്ടുള്ളത്. ആയത് കെട്ടിട നിർമാണത്തിന് അനുയോജ്യമാണോ എന്ന് പരിശോധിച്ചുവരുന്നു. |
| (സി) പ്രസ്തുത പ്രദേശത്ത് ജലം ലഭ്യമാണോ; ആയത് സംബന്ധിച്ച് ഭൂജല വകുപ്പിൽ നിന്നുള്ള റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; | (സി) റിപ്പോർട്ട് ലഭ്യമല്ല. |
| (ഡി) ഐ.ടി.ഐ.സ്ഥാപിക്കുന്നതിനായി സ്ഥലം വിട്ട് കൊടുക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുമോ? | (ഡി) ടി സ്ഥലം കെട്ടിട നിർമ്മാണത്തിന് അനുയോജ്യമാണ് എന്ന ശുപാർശ ലഭിക്കുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**